# അസ്മാബി കോളജ് ഗവേഷണങ്ങൾക്ക് അന്തർദേശീയ അംഗീകാരം

**കൊടുങ്ങല്ലൂർ:** എം.ഇ.എസ് അസ്മാബി കോളജിലെ ബോട്ടണി ഗവേഷണ വിഭാഗം പശ്ചിമഘട്ട വേഴാമ്പൽ ഫൗണ്ടേഷനുമായി സഹകരിച്ച് നടത്തുന്ന വേഴാമ്പലുകളെ കുറിച്ചുള്ള മൂന്ന് ഗവേഷണ പ്രബന്ധങ്ങൾ എട്ടാമത് അന്തർദേശീയ വേഴാമ്പൽ കോൺഫറൻസിൽ അവതരിപ്പിക്കാൻ അവസരം. ഗവേഷകനും അസി. പ്രഫസറുമായ ഡോ. അമിത ബച്ചൻ, ഗവേഷകരായ ദേവിക എം. അനിൽകുമാർ, കെ.ടി. അനിത എന്നിവരുടെ 'മലമുഴക്കിവേഴാമ്പലും കാലാവസ്ഥ വ്യതിയാനവും', 'പാണ്ടൻ വേഴാമ്പലുകളുടെ ആവാസ വ്യവസ്ഥ ആലേഖനം', 'മലമുഴക്കിയുടെ വാസസ്ഥാന സസ്യവൈവിധ്യം' എന്നിവയാണ് ഗവേഷണ പ്രബന്ധങ്ങൾ. ഈ മാസം 26 വരെ തായ്‌ലൻഡിലെ ബാങ്കോങ്ങിലുള്ള കസേട്സാട്ട് യൂനിവേഴ്സിറ്റിയിലാണ് പ്രബന്ധാവതരണം.



ഡോ: അമിത ബച്ചൻ, ദേവിക എം. അനിൽകുമാർ, കെ.ടി. അനിത

ദേവിക എം. അനിൽകുമാറിന് തായ്‌ലൻഡ് ഹോൺബിൽ ഫൌണ്ടേഷൻ, ഐ.യു.സി.എൻ ഹോൺബിൽ സ്പെഷ്യലിസ്റ്റ് ഗ്രൂപ്പ്, ഫാക്കൾട്ടി ഓഫ് ഫോറസ്റ്ററി കസേട്സാട്ട് യൂനിവേഴ്സിറ്റി ബാങ്കോങ് എന്നിവിടങ്ങളിൽ നിന്നുള്ള കോൺഫറൻസ് ഫെലോഷിപ് ലഭ്യമായിരുന്നു.